**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 535** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>രാസലഹരികളുടെ ഉപയോഗം തടയുന്നതിന് നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീ. രമേഷ് പിഷാരടി

ശ്രീ. സുമേഷ് അച്ചുതൻ

ശ്രീ. രാജൻ. ജെ. പല്ലൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് രാസലഹരികളുടെ ഉപയോഗം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് രാസലഹരി ഉപയോഗം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2021 മുതൽ കണ്ടെടുത്ത കേസുകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2021-ൽ 3922, 2022-ൽ 6116, 2023-ൽ 8104, 2024-ൽ 8160, 2025-ൽ 12568, 2026 ജൂൺ 16 വരെ 5846 NDPS കേസുകൾ കണ്ടെടുത്തിട്ടുണ്ട്.

**(ബി)** സ്കൂൾ വിദ്യാർത്ഥികൾക്ക് രാസലഹരി യഥേഷ്ടം ലഭിക്കുന്ന ഗുരുതരമായ സാഹചര്യത്തിൽ സ്കൂളുകൾ കേന്ദ്രീകരിച്ചു പ്രത്യേക പദ്ധതി നടപ്പാക്കുമോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് നടക്കുന്ന രാസലഹരി വിൽപ്പനയും ഉപയോഗവും തടയുന്നതിനും വിദ്യാർത്ഥികളിൽ ലഹരിവിരുദ്ധ അവബോധം വളർത്തുന്നതിനുമായി എക്സൈസ് വകുപ്പും വിദ്യാഭ്യാസ വകുപ്പും സംയുക്തമായി വിവിധ ബോധവൽക്കരണ, പ്രതിരോധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.

വിദ്യാർത്ഥികൾക്കായി ലഹരിവിരുദ്ധ സന്ദേശങ്ങൾ ഉൾപ്പെടുത്തിയ നാല് ലക്ഷം ലഘുലേഖകൾ അച്ചടിച്ച് സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ വിതരണം ചെയ്തിട്ടുണ്ട്. വിദ്യാലയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ ഫലപ്രദമായി സംഘടിപ്പിക്കുന്നതിനായി 272 എക്സൈസ് ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ്, സി.ബി.എസ്.ഇ, കേന്ദ്രീയ വിദ്യാലയങ്ങൾ ഉൾപ്പെടെയുള്ള എല്ലാ വിഭാഗം സ്കൂളുകളിലും ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

വിദ്യാർത്ഥികളിൽ ആരോഗ്യകരമായ ജീവിതശൈലിയും ലഹരിവിരുദ്ധ മനോഭാവവും വളർത്തുന്നതിനായി "ഉണർവ്", വിമുക്തി സ്പോർട്സ് ടീം, കുട്ടികളിൽ ചെറുപ്പം മുതൽ നല്ല ശീലങ്ങൾ വളർത്തുന്നതിനുള്ള "ബാല്യം അമൂല്യം", അധ്യാപകരുടെ സഹായത്തോടെ ലഹരി ഉപയോഗവുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിച്ച് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതിനുള്ള "നേർവഴി" എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. സ്കൂൾ പ്രവേശനത്തിന്റെ ആദ്യ ആഴ്ചകളിൽ

വിദ്യാർത്ഥികൾക്ക് വിവിധ വിഷയങ്ങളിൽ അവബോധം നൽകുന്ന "കൂടെയുണ്ട് കരുത്തേകാൻ" പദ്ധതിയുടെ ഭാഗമായി ലഹരിവിരുദ്ധ ബോധവൽക്കരണത്തിനായി പ്രത്യേക മോഡ്യൂളുകൾ വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ തയ്യാറാക്കി, സംസ്ഥാന തലത്തിൽ റിസോഴ്സ് അധ്യാപകർക്ക് പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ ബോധവൽക്കരണ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കുന്നതിനായി രക്ഷിതാക്കൾക്കും അധ്യാപകർക്കുമായി "കരുതൽ" എന്ന പേരിലും വിദ്യാർത്ഥികൾക്കായി "കവചം" എന്ന പേരിലും കൈപുസ്തകങ്ങൾ തയ്യാറാക്കി സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ വിതരണം ചെയ്തിട്ടുണ്ട്. ഇപ്രകാരം വിദ്യാർത്ഥികൾ, അധ്യാപകർ, രക്ഷിതാക്കൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയെ ഒരുപോലെ പങ്കാളികളാക്കിക്കൊണ്ടുള്ള സമഗ്രമായ ലഹരിവിരുദ്ധ പ്രതിരോധ പ്രവർത്തനങ്ങളാണ് സർക്കാർ നടപ്പിലാക്കി വരുന്നത്.

**(സി)** രാസ ലഹരികളുടെ വിൽപ്പനയും ഉപയോഗവും തടയാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിക്കുന്നത് എന്ന് വിശദമാക്കുമോ?

**<u>മറുപടി:</u>** ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ലഹരി മാഫിയയുടെ വേരറുക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന വ്യാപകമായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടപ്പിലാക്കി വരികയാണ്. ഇതിന്റെ ഭാഗമായി 28.05.2026 മുതൽ "ഓപ്പറേഷൻ തണ്ടർ" എന്ന പേരിൽ തീവ്ര എൻ.ഡി.പി.എസ്. സ്പെഷ്യൽ ഡ്രൈവ് എക്സൈസ് വകുപ്പ് ആരംഭിച്ചിട്ടുണ്ട്. ഓപ്പറേഷൻ തണ്ടറിന്റെ ഭാഗമായി നടത്തിയ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഫലമായി 828 NDPS കേസുകൾ കണ്ടെടുക്കുകയും 763 പ്രതികളിൽ 732 പേരെ അറസ്റ്റ് ചെയ്യുകയും 607025 രൂപ തൊണ്ടിയായി കണ്ടെടുക്കുകയും 29 വാഹനങ്ങൾ സർക്കാരിലേക്ക് കണ്ട്കെട്ടുകയും ചെയ്തിട്ടുണ്ട്. കൂടാതെ 7.94 ഗ്രാം ബ്രൗൺ ഷുഗർ, 14 കഞ്ചാവ് ബീഡി, 3 കഞ്ചാവ് സിഗററ്റ്, 133.790 കി ഗ്രാം കഞ്ചാവ്, 190 കഞ്ചാവ് ചെടികൾ, 27 ഗ്രാം ഹാഷിഷ്, 48.773 ഗ്രാം ഹാഷിഷ് ഓയിൽ, 164.76 ഗ്രാം ഹെറോയിൻ, 7 ഗ്രാം ഹൈബ്രിഡ് കഞ്ചാവ്, 461.135 ഗ്രാം MDMA, 60.766 ഗ്രാം മെത്താംഫിറ്റാമിൻ, 14.42 ഗ്രാം നൈട്രോസെഫാം, 315 ഗ്രാം THC Candy, 36 e-cigaratte എന്നിവ കണ്ടെടുത്തിട്ടുണ്ട്.

പോലീസ്, റവന്യൂ, ആരോഗ്യം, വിദ്യാഭ്യാസം, വനം, റെയിൽവേ, കോസ്റ്റൽ പോലീസ്, മോട്ടോർ വാഹന വകുപ്പ്, തൊഴിൽ വകുപ്പ്, ഭക്ഷ്യസുരക്ഷ വകുപ്പ് തുടങ്ങിയ വിവിധ വകുപ്പുകളുമായി ചേർന്ന് എക്സൈസ് വകുപ്പ് സംയുക്ത പരിശോധനകളും പ്രത്യേക പരിശോധനാ ഡ്രൈവുകളും നടത്തി നിയമ ലംഘനങ്ങൾ കണ്ടെത്തി കേസുകൾ രജിസ്റ്റർ ചെയ്തുവരുന്നു. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി, എക്സൈസ് വകുപ്പ് മറ്റ് വകുപ്പുകളുമായി ചേർന്ന് 2021-ൽ 1237, 2022-ൽ 2790, 2023-ൽ 3529, 2024-ൽ 3951, 2025-ൽ 3972, 2026 ജൂൺ 16 വരെ 2409 സംയുക്ത പരിശോധനകൾ നടത്തിയിട്ടുണ്ട്.

ജില്ലാ തലങ്ങളിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ NCORD (Narco Coordination Centre) യോഗങ്ങൾ ചേർന്ന് ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും ആവശ്യമായ എൻഫോഴ്സ്മെന്റ് നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ജില്ലാ തലങ്ങളിൽ സ്ട്രൈക്കിംഗ് ഫോഴ്സ്, ഹൈവേ പട്രോൾ ടീമുകൾ, മുഴുവൻ സമയവും പ്രവർത്തിക്കുന്ന എക്സൈസ് എൻഫോഴ്സ്മെന്റ് ആൻഡ് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡുകൾ എന്നിവയും, സംസ്ഥാന തലത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പരാതി പരിഹാര സെല്ലും ജില്ലാ തലങ്ങളിൽ കൺട്രോൾ റൂമുകളും പ്രവർത്തിച്ച് വരുന്നു. അന്യസംസ്ഥാനങ്ങളിൽ നിന്നും ലഹരി വസ്തുക്കൾ കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിനായി അതിർത്തി ചെക്ക് പോസ്റ്റുകളും, കൂടാതെ തിരുവനന്തപുരം, പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകളിലെ ചെക്ക് പോസ്റ്റുകൾ ഇല്ലാത്ത അതിർത്തി പ്രദേശങ്ങളിൽ കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റും (KEMU) പ്രവർത്തിച്ച് വരുന്നു.

വാട്സ്ആപ്പ്, ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം തുടങ്ങിയ സമൂഹമാധ്യമങ്ങളും ഡാർക്ക് വെബ് ഉൾപ്പെടെയുള്ള ഓൺലൈൻ പ്ലാറ്റ്ഫോമുകളും വഴി നടക്കുന്ന ലഹരി ഇടപാടുകൾ കണ്ടെത്തുന്നതിനായി എക്സൈസ് സൈബർ സെൽ പ്രവർത്തിച്ചുവരുന്നു. കൊറിയർ സർവീസുകൾ വഴിയുള്ള ലഹരിക്കടത്ത് തടയുന്നതിനായി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ പ്രത്യേക നിരീക്ഷണവും പരിശോധനയും നടത്തുന്നു. ലഹരി ഉപയോഗിച്ചതായി സംശയിക്കുന്നവരെ 'അബോൺ കിറ്റ്' ഉപയോഗിച്ച് പരിശോധിക്കുകയും ലഹരി ഉപയോഗം സ്ഥിരീകരിക്കപ്പെട്ടാൽ നിയമാനുസൃത നടപടി സ്വീകരിക്കുകയും ചെയ്ത് വരുന്നു. ലഹരി കേസുകളിൽ ഉൾപ്പെട്ട് പിടിയിലാകുന്നവരുടെ ഫോൺ നമ്പറുകളും മറ്റ് ഡിജിറ്റൽ വിവരങ്ങളും എക്സൈസ് സൈബർ സെല്ലിന്റെ സഹായത്തോടെ വിശകലനം ചെയ്ത് ലഹരി വിതരണ ശൃംഖല കണ്ടെത്തുന്നു.

സ്കൂൾ പരിസരത്തെ കടകളിൽ തുടർച്ചയായി പരിശോധന നടത്തി പുകയില ഉൽപ്പന്നങ്ങളോ ലഹരിവസ്തുക്കളോ വിൽക്കുന്നില്ലെന്ന് ഉറപ്പു വരുത്തുകയും നിയമ ലംഘനം കണ്ടെത്തിയാൽ ക്രിമിനൽ നടപടികൾക്കൊപ്പം സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുന്നതിനായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്ക് ശുപാർശ നൽകുകയും ചെയ്യുന്നു. സ്കൂളുകളിലേക്ക് ലഹരിവസ്തുക്കൾ എത്തിച്ചേരുന്ന മാർഗങ്ങൾ പ്രാദേശിക ജനങ്ങളുടെ സഹകരണത്തോടെയും രഹസ്യവിവര ശൃംഖലയിലൂടെയും കണ്ടെത്തി, അത്തരം പ്രവർത്തനങ്ങൾ നിയമപരമായി തടയുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഓരോ റേഞ്ച് പരിധിയിലെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിവരങ്ങൾ ശേഖരിച്ച് ഓരോ സ്കൂളിലും എക്സൈസ് വകുപ്പുമായി ഏകോപനം നടത്തുന്നതിനായി ഒരു കോ-ഓർഡിനേറ്ററെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

എക്സൈസ് വകുപ്പിന് കീഴിൽ State Narcotics Control Bureau രൂപീകരിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു

**സെക്ഷൻ ഓഫീസർ**